# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 360 — 03.02.2020-ൽ മറുപടിക്ക്

## പുരാരേഖകൾ വീണ്ടെടുക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ.ജോൺ ഫെർണാണ്ടസ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.ഉറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | പഴയ കൊച്ചി രാജ്യത്തിന്റെ ചരിത്രത്തെക്കുറിച്ചും അക്കാലത്തെ അടിമക്കച്ചവടത്തെക്കുറിച്ചും മറ്റുമുള്ള രേഖകൾ ചെന്നൈ ആർക്കൈവ്സിൽ നിന്നും വീണ്ടെടുക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | | ഈ വിവരങ്ങൾ ഉൾപ്പെട്ടേക്കാവുന്ന ഡച്ച് രേഖകൾ തമിഴ് നാട് ആർക്കൈവ്സിൽ അഞ്ചു ഹാർഡ് ഡിസ് ക്കുകളിലായി ഡിജിറ്റൈസ് ചെയ്തു സൂക്ഷിച്ചിരിക്കുകയാണ്. കേരളത്തിലെ ആർക്കൈവ്സ് ഉദ്യോഗസ്ഥർക്ക് തമിഴ് നാട് ആർക്കൈവ്സ് സന്ദർശിച്ച ഈ ഡിജിറ്റൽ രേഖകൾ പരിശോധിക്കുന്നതിനും ആവശ്യമെങ്കിൽ പകർപ്പ് ലഭ്യമാക്കുന്നതിനും തമിഴ് നാട് ആർക്കൈവ്സിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന പുരാരേഖാ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**